പതിമൂന്നാം കേരളനിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2631

2.4.2013 ലെ മറുപടിക്ക്

**ഡിപ്ലോമ കോഴ്സുകൾ ബി.എഡി ന് തുല്യമാക്കി ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | അറബിക്, ഉർദു, ഹിന്ദി, ഡിപ്ലോമ കോഴ്സുകൾ ബി.എഡി ന് തുല്യമാക്കി പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) യും (ബി) യും | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേന വിവിധ കോഴ്സുകൾ ബി.എഡിനു തുല്യമായി അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിന്റെ നിയമ സാധുത വ്യക്തമാക്കാമോ? | | |

സെക്ഷൻഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - പരീക്ഷാകമ്മീഷണർ നടത്തുന്ന എൽ.റ്റി.റ്റി.സി/ ഡി.എൽ.ഇ.ഡി കോഴ്സുകൾ - കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എഡ് കോഴ്സിന് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (എം.എസ്)നം.49/2013/പൊ.വി.വ — തീയതി, തിരുവനന്തപുരം, 11.2.2013

---

പരാമർശം: എസ്.സി.ഇ.ആർ.റ്റി ഡയറക്ടറുടെ 2.4.2012,9.10.2012,7.2.2013 എന്നീ തീയതികളിലെ പ്രോഗ്രാം 4/2315/10/എസ്.സി.ഇ.ആർ.റ്റി നം കത്ത്.

<u>ഉത്തരവ്</u>

പരീക്ഷാകമ്മീഷണർ നടത്തുന്ന എൽ.റ്റി.റ്റി.സി/ ഡി.എൽ.ഇ.ഡി കോഴ്സുകൾ ഇതുവരെ ബന്ധപ്പെട്ട വിഷയത്തിലെ ബി.എഡ് കോഴ്സിന് തുല്യമായി അംഗീകരിച്ചിട്ടില്ല. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് സർക്കാറിൽ നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ആയതിനാൽ ഈ വിഷയത്തിൽ സർക്കാർ എസ്.സി.ഇ.ആർ.റ്റി യുടെ അഭിപ്രായം ആരാഞ്ഞിരുന്നു.

എൽ.റ്റി.റ്റി.സി/ ഡി.എൽ.ഇ.ഡി കോഴ്സുകൾക്കും ബന്ധപ്പെട്ട ബി.എഡ് ഡിഗ്രി കോഴ്സുകൾക്കും അഡ്മിഷനുള്ള മാനദണ്ഡങ്ങളിൽ വലിയ അന്തരമില്ല, പാഠ്യവിഷയങ്ങളും കോഴ്സുകളുടെ കാലദൈർഘ്യങ്ങളും ഏതാണ്ട് തുല്യമാണ്. ഈ സാഹചര്യത്തിൽ എസ്.സി.ഇ.ആർ.റ്റി യുടെ 35-ാമത് സംസ്ഥാനതല സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനപ്രകാരം എൽ.റ്റി.റ്റി.സി/ ഡി.എൽ.ഇ.ഡി കോഴ്സുകൾ ബന്ധപ്പെട്ട വിഷയങ്ങളിലെ ബി.എഡ് കോഴ്സിന് തുല്യമാക്കാവുന്നതാണെന്ന നിർദ്ദേശം പരാമർശിത കത്തുപ്രകാരം ഡയറക്ടർ സർക്കാറിനു സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരീക്ഷാകമ്മീഷണർ നടത്തുന്ന എൽ.റ്റി.റ്റി.സി / ഡി.എൽ.ഇ.ഡി (അറബി, ഉറുദു, ഹിന്ദി) കോഴ്സുകൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എഡ് (അറബി,ഉറുദു,ഹിന്ദി) കോഴ്സുകൾക്ക് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിന് ഉത്തരവു തീയതി മുതൽക്ക് മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**റ്റി.വിജയൻ**
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) / അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഐ.റ്റി@സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
സെക്രട്ടറി, കേരള പബ്ളിക് സർവീസ് കമ്മിഷൻ, തിരുവനന്തപുരം(with covering letter)
ഡയറക്ടർ,വിവരപൊതുജനസമ്പർക്കവകുപ്പ്
എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*